പ്രിയപ്പെട്ട എല്ലാവർക്കും

**01. സർവ്വകലാശാല ഫീസ് വർദ്ധിപ്പിച്ചോ? എത്രകണ്ട് ?**

വർദ്ധിപ്പിച്ചു. **21.08.2025** നു ചേർന്ന അക്കാദമിക്ക് കൗൺസിൽ ശുപാർശയെ തുടർന്ന് **23.08.2025** ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി നിശ്ചയിച്ചതു പ്രകാരം **03.09.2025** ന് പുറപ്പെടുവിച്ച **KAUEDU/1942/2025-EDUB2** നമ്പർ സർവ്വകലാശാല ഓർഡിനൻസ് പ്രകാരമാണ് സർവ്വകലാശാല ട്യൂഷൻ ഫീസും അനുബന്ധ ഫീസുകളും വർദ്ധിപ്പിച്ചത്. വിജ്ഞാപനത്തിനു മുൻപ് രണ്ട് തവണ വൈസ് ചാൻസലർ, രജിസ്ട്രാർ, കംപ്ട്രോളർ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എന്നിവർ, വിദ്യാർത്ഥി പ്രതിനിധികളുമായും വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുമായും ചർച്ചകൾ നടത്തിയിരുന്നു. ഫീസ് വർദ്ധിപ്പിക്കുന്നതിൽ എതിർപ്പില്ലെങ്കിലും വർദ്ധനയുടെ തോതിൽ വിദ്യാർത്ഥികൾക്ക് വ്യത്യസ്ത അഭിപ്രായമുണ്ടായിരുന്നു. അവർ അത് രേഖപ്പെടുത്തുകയും ചെയ്തു.

**02. എന്തു കൊണ്ട് വർദ്ധിപ്പിച്ചു? വർദ്ധന അന്യായ നിരക്കിലാണോ?**

ശതമാനക്കണക്കെടുത്താൽ, പ്രത്യക്ഷത്തിൽ ഈ വർദ്ധന കൂടുതലായി തോന്നാം. എന്നാൽ **2014**-നു ശേഷം വർഷാവർഷം നടത്തേണ്ട വർദ്ധന നടത്താതിരുന്നതിനാലും വേതന-ഇന്ധന–ഊർജ്ജചിലവുകളിലുള്ള വർദ്ധനവിന് സർവ്വകലാശാലയ്ക്ക് ആനുപാതികമായി മറ്റു വരുമാനമില്ലാത്തതിനാലും വിദ്യാർത്ഥികളുടെ ഫെല്ലോഷിപ്പുകൾ, ഗ്രാൻറ്റുകൾ, ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾ, ലാബ് സൗകര്യങ്ങൾ എന്നിവയിൽ ഗണ്യമായ കുറവും നടത്തിയ ജോലികൾക്കു പലതിനും കുടിശ്ശികയുമുണ്ട്. വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ നല്കുന്നതിന് മാത്രം ഒരു കോടി രൂപയിലധികം കുടിശ്ശികയുണ്ട്. വളരെ തുച്ഛമായ നിലവിലെ ഗ്രാൻറ്റ് ലഭ്യതാ രീതിയിൽ ഈ ബാധ്യതകൾ കുറഞ്ഞ കാലം കൊണ്ട് കൊടുത്തുതീർക്കാൻ ആവില്ല. ഗവേഷണ പദ്ധതികൾക്ക് പണം മുൻകൂർ ലഭിക്കുമായിരുന്ന സാഹചര്യം മാറി, ഗവേഷണ ഗ്രാൻറ്റുകൾ വൈകുന്നത് സർവ്വകലാശാലയുടെ ഗുണനിലവാരത്തെയും റാങ്കിംഗിനെ തന്നെയും ബാധിക്കുമെന്ന സ്ഥിതി വന്നപ്പോഴാണ് ഇത്തരമൊരു ഇടപെടലിന് സർവ്വകലാശാല നിർബന്ധിതമായത്. സാമ്പത്തിക പ്രയാസമുള്ള വിദ്യാർത്ഥികൾക്ക് മുഴുവൻ ഫീസും ഗ്രാൻറ്റായും **(e-grants)** ആകെയുള്ളതിൽ **10%** വിദ്യാർത്ഥികൾക്ക് (5 ലക്ഷത്തിൽ താഴെ കുടുംബ വരുമാനം) പഴയ നിരക്കിൽ മാത്രം ഫീസ് തുടർന്നു കൊണ്ടും അതിനു മുകളിൽ വരുമാനമുള്ളവർക്ക്, ആവശ്യമെങ്കിൽ സ്റ്റുഡൻറ് ലോണുകൾ പോലുള്ള ഇതര

സാമ്പത്തിക സഹായങ്ങൾ ഏർപ്പാടാക്കിക്കൊണ്ടും ഉയർന്ന സാമ്പത്തിക നിലയുള്ള, ഫീസ് നൽകാൻ കഴിയുന്ന വിദ്യാർത്ഥികളിൽ നിന്ന് മാത്രം അത് ഈടാക്കുന്നതുമാണ് പുതിയ ഫീസ് ഘടന എന്നാണ് യാഥാർത്ഥ്യം.


**03. സർവ്വകലാശാലയ്ക്ക് സർക്കാർ ഗ്രാന്റുകൾ മതിയാവുന്നില്ലേ ? 450 കോടിയോളം രൂപ ബജറ്റിൽ നിന്നും പ്രതിവർഷം, സർവ്വകലാശാലക്ക് നിലവിൽ ലഭിക്കുന്നില്ലേ?**

2020 - 2021 മുതൽ 2024 - 2025 വരെ സർക്കാരിൽ നിന്ന് സർവ്വകലാശാല ആവശ്യപ്പെട്ടതും ബജറ്റിൽ പ്രസ്താവിച്ചതും ലഭിച്ചതുമായി തുകകൾ മൂന്നു ഗ്രാഫുകളിലായി നൽകുന്നു.


**(തുക കോടിയിൽ)**

| സാമ്പത്തിക വർഷം | സർവ്വകലാശാല ആവശ്യപ്പെട്ടത് | അനുവദിച്ച ഗ്രാൻറ് | കുറഞ്ഞത് 10% വർദ്ധനവ് കണക്കാക്കിയാൽ വേണ്ട തുക |
|---|---|---|---|
| 2020-21 | 599.29 | 337.00 | **411.89** |
| 2021-22 | 659.22 | 370.71 | **453.08** |
| 2022-23 | 596.95 | 373.79 | **498.39** |
| 2023-24 | 657.53 | 407.78 | **548.23** |
| 2024-25 | 739.11 | 411.85 | **603.05** |
| 2025-26 | 751.14 | 245.05* (30.09.2025 വരെ) | **663.36** |


**ഗ്രാഫ് - 1**


പ്ലാൻ ഫണ്ട് അനുവദനത്തിലെ കുറവും അധിക ബാധ്യതയും
അനുവദനത്തിലെ ഉയർന്ന വ്യതിയാനവും വർധിച്ച ധനക്കുറവും വ്യക്തമാക്കിയിരിക്കുന്നു
തുക (₹ കോടി)
80
60
40
20
Budget
Allotted
-23.3
-36.1
-67.5
-52.5
-33.7
-21.5
-56
-65
-11.9
2016-17
2017-18
2018-19
2019-20
2020-21
2021-22
2022-23
2023-24
2024-25
വർഷം
Source: Kerala Agricultural University

**ഗ്രാഫ് - 2**


നോൺ പ്ലാൻ ഫണ്ട് അനുവദിക്കലും അധിക ബാധ്യതയും
ധനാന്തരം (അവശ്യ തുക - അനുവദിച്ച തുക) രേഖപ്പെടുത്തിയിരിക്കുന്നു
തുക (₹ കോടി)
600
500
400
required
grant (allotted)
+37.4
+116.1
+127.7
+174.4
+195.3
+251.5
2019-20
2020-21
2021-22
2022-23
2023-24
2024-25
വർഷം
Source:Kerala Agricultural University

**ഗ്രാഫ് – 3**




ഇതിൽ, നോൺ പ്ലാൻ ഗ്രാന്റിലും പ്ലാൻ ഗ്രാന്റിലും സർവ്വകലാശാലയുടെ ആവശ്യത്തെക്കാൾ വലിയ കുറവ് വന്നതായി കാണാം. കഴിഞ്ഞ 5 വർഷം മാത്രം, നോൺ പ്ലാനിൽ ആകെ 251.5 കോടി രൂപയും പ്ലാനിൽ 132 കോടി രൂപയും കുറച്ചാണ് അനുവദിക്കപ്പെട്ടത്. പ്രതിവർഷം 10% നോൺ പ്ലാൻ അധികമായി അനുവദിക്കേണ്ട സ്ഥാനത്ത് പലപ്പോഴും 10% കുറച്ചാണ് അനുവദിച്ചത്. അതുകൊണ്ട് തന്നെ, ശമ്പളം, പെൻഷൻ തുടങ്ങിയ സ്ഥാപന ചിലവുകളിൽ പ്രതിമാസം 3.5 കോടി രൂപ മുതൽ 4 കോടി രൂപ വരെ സർവ്വകലാശാലയ്ക്ക് അധികം കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് വർദ്ധിച്ച് പ്രതിവർഷം 48 കോടി രൂപ വരുന്ന പ്രവർത്തന കമ്മിയാവുന്നതിനാലാണ് ജീവനക്കാർക്ക് 226 കോടി രൂപ കുടിശ്ശിക വന്നത്. ബാക്കി ആഭ്യന്തര വരുമാനത്തിൽ നിന്നും സർവ്വകലാശാല നൽകി. 4000 ലേറെ വരുന്ന ജീവനക്കാർക്കും തൊഴിലാളികൾക്കും പെൻഷൻകാർക്കുമെല്ലാമായി വിവിധ ആനുകൂല്യങ്ങളിൽ 200 കോടി രൂപ കുടിശ്ശികയാണ്. ഇതിൽ 1500 തൊഴിലാളികളുമുണ്ട്. പലരും രോഗബാധിതരാണ്, ഏറെ ദുരിതത്തിലാണ്. ഇതിനകം ഗ്രാറ്റുവിറ്റി/കമ്മ്യൂട്ടെഷൻ എന്നിവ

ലഭിക്കാതെ തന്നെ പലരും മരണപ്പെടുന്ന ദുഖഃകരമായ സാഹചര്യവുമുണ്ട്. വിരമിച്ച ജീവനക്കാരുടെ സമരം താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. ഇവർ നിലവിൽ ക്യൂ സംവിധാനത്തിൽ 2021 മുതലുള്ള കുടിശ്ശികകളാണ് കോടതി കേസുകളും മറ്റും നടത്തി സ്വീകരിക്കുന്നത്.

**04. എന്തുകൊണ്ടാണ് 2020-2021നു ശേഷം നോൺ പ്ലാൻ ഇനത്തിൽ സർവ്വകലാശാലയിൽ ചിലവ് കൂടിയിട്ടുള്ളത്.**

1. ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണം 2021ൽ നടപ്പിലാക്കി.
2. അധ്യാപകരുടെ 2016 യുജിസി ശമ്പള പരിഷ്കരണം 2021 ൽ നടപ്പിലാക്കി.
3. തൊഴിലാളികളുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കി, ശമ്പള പരിഷ്കരണ കുടിശികകൾ മുഴുവനും വിതരണം ചെയ്തു.
4. യുജിസി മാനദണ്ഡപ്രകാരം ഒഴിവുള്ള തസ്തികളിൽ അധ്യാപകരെ നിയമിച്ചു.
5. PSC റിക്രൂട്ട്മെൻറ് മുഖേന ഒഴിവുള്ള അസിസ്റ്റൻറ്, കമ്പ്യൂട്ടർ അസിസ്റ്റൻറ് തസ്തികകളിൽ നിയമനം നടത്തി.
6. എൽ.ബി.എസ് മുഖേന ഒഴിവുള്ള ഓഫീസ് അസിസ്റ്റൻറ് തസ്തികകളിൽ നിയമനം നടത്തി.
7. സർവ്വകലാശാല ഫാമുകളുടെ പ്രവർത്തനത്തിന് കാഷ്വൽ തൊഴിലാളി നിയമനം നടത്തി.
8. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിലെ ശമ്പളം, വേതനം എന്നീ ഇനങ്ങളിലെ DA / DR വർദ്ധനവിന് ആനുപാതികമായ വർദ്ധനവ് നോൺ പ്ലാൻ ഇനത്തിൽ ലഭിച്ചില്ല.
9. സാലറി ഒഴികെയുള്ള ഇലക്ട്രിസിറ്റി ബിൽ, സ്റ്റേഷനറി മുതലായ അടിയന്തര ചിലവിനങ്ങളുടെ വർദ്ധന നോൺ പ്ലാൻ ഇനത്തിൽ അധിക ബാധ്യതയുണ്ടാക്കി.
10. സർവകലാശാലയുടെ പ്രധാന ആഭ്യന്തര വരുമാനമായ വിത്ത്, നടീൽ ഉൽപ്പന്നങ്ങൾ സർക്കാർ ഡിപ്പാർട്ട്മെന്റുകളിലേക്ക് വിൽക്കുന്നത് വഴി ഇൻവോയ്സ് സെറ്റിൽ ചെയ്യാതെ ഏകദേശം 7 കോടി രൂപയോളം സർവകലാശാലയ്ക്ക് ലഭിക്കാനുള്ളതും സർവകലാശാലയുടെ ബാധ്യത കൂട്ടാൻ കാരണമാക്കി.
11. പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ അരിയർ തുകയുടെ ഒന്നും രണ്ടും ഗഡുക്കൾ നൽകാൻ ഇടയാക്കിയതും നോൺ പ്ലാൻ ഇനത്തിൽ അധിക ബാധ്യത ഉണ്ടാക്കി.
12. ഈ സാമ്പത്തിക പ്രതിസന്ധിക്കിടയ്ക്കും പെൻഷൻകാരുടെ ആനുകൂല്യങ്ങൾ നോൺ പ്ലാൻ ഗ്രാൻ്റ്, ആഭ്യന്തര വരുമാനം എന്നിവ ഉപയോഗിച്ച് വിതരണം നടത്തുവാൻ ശ്രമിക്കുന്നുണ്ട്. ആയതിൻ്റെ ഭാഗമായി 55 കോടി രൂപയോളം കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ പെൻഷൻകാർക്ക് വിതരണം ചെയ്തിട്ടുണ്ട്.
13. ജീവനക്കാർക്കും അധ്യാപകർക്കും ഇൻക്രിമെന്റ്, പ്രമോഷൻ ഇനത്തിൽ ലഭിക്കുന്ന ആനുകൂല്യങ്ങളും നോൺ പ്ലാൻ ഇനത്തിൽ അധിക ബാധ്യത ഉണ്ടാക്കാൻ കാരണമാക്കി.

14. പദ്ധതി ഫണ്ടിന്റെ അഭാവത്തിൽ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി നിർവഹിക്കേണ്ട ഐടി അനുബന്ധ ഉപകരണങ്ങൾ, അടിയന്തര അറ്റകുറ്റപ്പണികൾ എന്നിവ നോൺപ്ലാൻ ഫണ്ടിൽ വകയിരുത്തി നിർവഹിക്കേണ്ട സാഹചര്യം വന്നു.
15. CAS പ്രമോഷനുകൾ കുടിശ്ശികയായത് ഫാക്കൽറ്റിക്കു നൽകി.

**05..നിലവിലെ ഫീസ് വർദ്ധന കൊണ്ട് ഭീമമായ കുടിശ്ശിക വീട്ടാനാകുമോ?**

ഇല്ല. നിലവിലെ 11 കോടി രൂപ വാർഷിക ഫീസ് വരുമാനത്തിൽ നിന്നും വെറും 6.7 കോടി രൂപ മാത്രമാണ് ഈ വർദ്ധന കൊണ്ട് ലഭിക്കുക. ഒരു സെമസ്റ്ററിൽ ഏതാണ്ട് 3 കോടി രൂപയെ അധികം ലഭിക്കൂ. എന്നാൽ ഇതിലെ 1 കോടി രൂപ യോളം വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പിനായി നീക്കിവയ്ക്കുന്നു. ശരാശരി 4 കോടി രൂപയാണ് ഒരു വർഷം ഇതര ആവശയങ്ങൾക്കായി (വിദ്യാർത്ഥി സൗകര്യങ്ങൾ)ചിലവിടാനാവുന്നത്. സർക്കാർ പ്രതിമാസം 10 കോടി രൂപ വച്ചു നൽകിയാലും കുടിശ്ശിക തീരാൻ കുറഞ്ഞത് 22 മാസം വേണ്ട സ്ഥിതിയിലാണ് സർവ്വകലാശാല. 2030 നകം കുടിശ്ശിക ഒരു കാരണവശാലും കൊടുത്തു തീർക്കാനാവില്ല.

**06. എന്താണ് സർവ്വകലാശാലയുടെ അഭ്യർത്ഥന?**

ഫീസ് വർദ്ധനയിൽ ആനുപാതിക കുറവുണ്ടാകാൻ 2026 മാർച്ച് വരെ പിടിച്ചു നിൽക്കാൻ കുറഞ്ഞത് 10 കോ ടി രൂപ അധിക നോൺപ്ലാൻ ഗ്രാൻറ്റ് ആയി അടിയന്തിരമായി ലഭിക്കേണ്ടതുണ്ട്. 48 കോടി രൂപ വേണ്ടിടത്താണ് ഈ 10 കോടിരൂപ. ഇതു കൊണ്ട് കുടിശ്ശിക പ്രശ്നം പരിഹരിക്കാനാവിലെങ്കിലും താൽക്കാലിക പരിഹാരമായി കുറെ പെൻഷൻകാർക്ക് നൽകാം. നവംബർ- മാർച്ച് വരെ പ്രതിമാസം 2 കോടി രൂപ അധിക ഗ്രാന്റ് നൽകിയാലും ഇപ്രകാരം 10 കോടി രൂപ സർവ്വകലാശാലയ്ക്ക് ലഭിച്ചാൽ ആനുപാതികമായ ഫീസ് വർദ്ധന കറയ്ക്കാം. പ്രതിവർഷം 10, 000 കോടി രൂപ അധിക ബാധ്യത ഏറ്റെടുക്കാനാവുന്ന സംസ്ഥാന സർക്കാരിന് 10 കോടി രൂപ ദുരിതമനുഭവിക്കുന്ന കാർഷിക സർവ്വകലാശാലാ പെൻഷൻക്കാർക്ക് നൽകാൻ പ്രയാസം കാണുന്നില്ല. അധിക ബാധ്യത കുറയ്ക്കുന്നതിന് ധന വകുപ്പിന് പല കുറി നൽകിയ അഭ്യയർത്ഥന വീണ്ടും ആവർത്തിക്കുന്നു.

**07. ഗ്രാന്റ് കൂട്ടാതെ ഫീസ് വർദ്ധന കുറയ്ക്കുമോ?**

അതിന് സാധ്യത കാണുന്നില്ല. മാത്രവുമല്ല, വിദ്യാർത്ഥിയുടെ ഹർജിയിൽ കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്. സർക്കാർ തന്നെ മിക്കവാറും നിശ്ചയിക്കുന്ന വേതന നിരക്കുകളും ചാർജ്ജുകളും (ഉദാ. വൈദ്യുതി, വെള്ളം) നൽകാനുള്ള ശമ്പള – പെൻഷൻ ഗ്രാന്റ് സർവ്വകലാശാലയുടെ അവകാശമാണ്. ആഭ്യന്തരവരുമാനം 7 കോടി രൂപയോളം ഈ വർഷങ്ങളിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. പുതിയ കോഴ്സുകളും സ്ഥാപനങ്ങളും തുടങ്ങിയിട്ടുണ്ട്. കുടിശ്ശിക കുറച്ചെങ്കിലും നൽകാതെയും വിദ്യാർത്ഥി ഗ്രാൻറ്റും സ്കോളർഷിപ്പും നൽകാതെയും ഫീസ് പിൻവലിച്ചാൽ 2026 മാർച്ചോടെ ശമ്പളം,

പെൻഷൻ എന്നിവ നൽകാൻ പോലും സർവ്വകലാശാലക്കു കഴിയാതെ വരും, സർവ്വകലാശാലാ പ്രവർത്തനം നിശ്ചലമാകുന്ന സാഹചര്യമുണ്ടാവും.

ഇക്കാര്യങ്ങളെല്ലാം തന്നെ ബഹു. ചാൻസലറുടെയും ബഹു.മന്ത്രിയുടെയും മുന്നിൽ 6 മാസമായി സർവ്വകലാശാല ആവർത്തിച്ചു സമർപ്പിക്കുന്നതാണ്. ചുരുക്കത്തിൽ സർവ്വകലാശാല ഉദ്യോഗസ്ഥരെ വ്യക്തിപരമായി കടന്നാക്രമിക്കുന്നവർ, എന്ത് പ്രേരണയിൽ പ്രവർത്തിച്ചാലും മനസ്സിലാക്കേണ്ടത്, അവരുടെ ക്ഷോഭം തീർത്തും അസ്ഥാനത്തും അനവസരത്തിലുമാണ് എന്നതാണ്. ഉത്തരവാദപ്പെട്ട വിദ്യാർത്ഥിപ്രതിനിധികൾ, പ്രത്യേകിച്ച് സർവ്വകലാശാല വിദ്യാർത്ഥിപ്രതിനിധികൾ, കാർഷിക സർവ്വകലാശാലയുടെ ധനകാര്യ പ്രയാസങ്ങളെ അഭിസംബോധന ചെയ്യുകയാണ് വേണ്ടത്. 'സിസ്റ്റത്തിലൻറെ' തകരാറിന് വ്യക്തികളെ ആക്രമിച്ചു പരിഹരിക്കാനാവില്ല .

കാര്യമായി സ്വന്തം അഫീലിയേഷൻ ഫീസും വരുമാനവും കോളേജ്ജുകളും ഇല്ലാത്ത സർവ്വകലാശാലകൾ ക്കൊക്കെ ഗ്രാന്റ്റിൽ വെട്ടികുറവ് സംഭവിച്ചിട്ടുണ്ട്. 2024-25 ൽ ഇത് 50% ത്തിലധികമായിരുന്നു. കാർഷിക സർവ്വകലാശാലാ നിയമത്തിൽ അഫിലിയേഷൻ അനുവദിച്ചിട്ടില്ല. നിലനിൽപ് അപകടത്തിലാവുന്ന, പ്ലാനിൽ നിർവ്വചിച്ച കാര്യപരിപാടി ഒരാൾക്കും തൃപ്തികരമായി നിർവ്വഹിച്ചു പോകാനാവാത്ത പ്രതിസന്ധിയിലേക്കു സർവ്വകലാശാല പതിയ്ക്കാതിരിക്കാൻ ഇത് അനിവാര്യമാണ്. കഴിയാവുന്ന മേഖലകളിലൊക്കെ സർവ്വകലാശാല ചിലവു ചുരുക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്. സോളാർ പാനലുകൾ വഴി വൈദ്യുതി ചിലവ്, അനാവശ്യമായ തസ്തികകൾ മരവിപ്പിക്കൽ എന്നിവ ഇതിനകം ചെയ്തിട്ടുണ്ട്.

കേരളത്തിൻറെ പ്രതിശീർഷ വരുമാനം പരിഗണിച്ചും വിദ്യാർത്ഥി പശ്ചാത്തലം വച്ചും 25-30% വിദ്യാർത്ഥികൾക്കും പ്രയാസമില്ലാതെ പുതുക്കിയ ഫീസടക്കാൻ കഴിയും എന്ന് സർവ്വകലാശാലയ്ക്ക് ഉറപ്പു ണ്ട്. അഞ്ചിൽ താഴെ കേസുകളൊഴിച്ചു ഒരു വിദ്യാർത്ഥിയും തന്നെ ഇതുവരെ സർവ്വകലാശാലാ ധനസഹായം തേടിയിട്ടില്ല. 40% കുട്ടികളുടെ പുതുക്കിയ ഫീസ് സർക്കാർ e-grantz വഴി ഒടുക്കേണ്ടതാണ്. ശേഷം 10% വിദ്യാർത്ഥികളുടെ ഫീസ് 2024-25 ൽ നിലവിലുണ്ടായിരുന്നതിൽ നിന്നും ഒട്ടും വർദ്ധിച്ചിട്ടുമില്ല. അവർക്ക് സർവ്വകലാശാല ഫീസ് വ്യത്യാസം ഒരു പ്രത്യേക സ്കോളർഷിപ്പായി(VCMMS) നൽകുന്നതിനാലാണിത്. വിദ്യാർത്ഥികൾ പണമില്ലാതെ കോഴ്സ് ഉപേക്ഷിക്കാതിരിക്കാൻ പ്രഥമ പരിഗണന നൽകുന്നതാണ്.

അകാരണമായി ജീവനക്കാർക്കും ഫലത്തിൽ വിദ്യാർത്ഥികൾക്കും തന്നെ സമീപഭാവിയിൽ ദോഷം ചെയ്യുന്ന ഒരു സാമ്പത്തിക സമീപനം സ്വീകരിക്കാനാവില്ല. ഇന്നത്തെ ചില്ലറ നേട്ടത്തിന് കൂട്ട് നിന്നാൽ സർവ്വകലാശാലയുടെ ഭാവിയാകെ അത് ഇരുളിലാക്കും. കുറഞ്ഞ സമയത്തിൽ മെച്ചപ്പെട്ട യോഗ്യതകൾ നേടി തൊഴിൽ നേടേണ്ട പ്രഫഷണൽ വിദ്യാർത്ഥികൾക്ക് ഇക്കാര്യങ്ങൾ എളുപ്പം മനസ്സിലാക്കാനാവും എന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത് .

29.10.2025

ഡോ ബി അശോക്

വൈസ് ചാൻസലർ